**മധുരമായ കുട്ടികളേ – ദു:ഖത്തെ ഹരിച്ച് സുഖം നൽകുന്ന ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ എല്ലാ ദു:ഖവും ഇല്ലാതാകും, അന്തിമസമയത്തെ മനം പോലെ സദ്ഗതിയും ലഭിക്കുന്നു.**

**ചോദ്യം** – എന്തു കൊണ്ടാണ് ബാബ നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയിൽ ഇരിക്കാനുള്ള നിർദ്ദേശം നൽകുന്നത്?

**ഉത്തരം** – 1. എന്തുകൊണ്ടെന്നാൽ ഓർമ്മയിലൂടെ മാത്രമേ ജന്മ ജന്മാന്തരങ്ങളിലെ പാപഭാരം ഇല്ലാതാകുകയുള്ളൂ 2. ഓർമ്മയിലൂടെ മാത്രമേ ആത്മാവ് സതോപ്രധാനമായി മാറുകയുള്ളൂ, 3. അവസാന സമയത്തിൽ ഒരേയൊരു ബാബയുടെ ഓർമ്മയിലിരിക്കാൻ കഴിയണമെങ്കിൽ ഇപ്പോഴേ അതിനുള്ള അഭ്യാസം ചെയ്യണം. അവസാനകാലത്ത് ആരാണോ സ്ത്രീയെ സ്മരിക്കുന്നത്..... ഇങ്ങനെയൊരു പാട്ടുമുണ്ട്. 4.ബാബയെ ഓർമ്മിക്കുന്നതിലൂടെ 21 ജന്മത്തെ സുഖം മുന്നിലേക്ക് വരുന്നു. ബാബയെപ്പോലെ മാധുര്യമുള്ള ഒരു വസ്തുവും ഈ ലോകത്തിലില്ല, അതുകൊണ്ട് ബാബയുടെ നിർദ്ദേശം ഇതാണ് – കുട്ടികളേ, നടക്കുമ്പോഴും കറങ്ങുമ്പോഴും എന്നെ ഓർമ്മിക്കൂ.

**ഓം ശാന്തി**. ആരുടെ ഓർമ്മയിലാണ് ഇരിക്കുന്നത്. ആരാണോ എല്ലാവരുടെയും ദുഖത്തെ ഇല്ലാതാക്കുന്നത് ആ ഒരാളോടൊപ്പമായിരിക്കണം സ്നേഹ സംബന്ധം. ബാബ കുട്ടികളെ നോക്കുമ്പോൾ എല്ലാ പാപവും മുറിഞ്ഞ് പോകുന്നു. ആത്മാവ് സതോപ്രധാനതയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇവിടെ വളരെയേറെ ദുഖമാണല്ലോ. ദുഖ ഹർത്താ –സുഖകർത്താ എന്ന് പാടാറുമുണ്ടല്ലോ. എല്ലാവരുടെയും ദുഖത്തെ സത്യം സത്യമായി ഇല്ലാതാക്കുന്നതിനായി ബാബയിപ്പോൾ വന്നിരിക്കുകയാണ്. സ്വർഗ്ഗത്തിൽ ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കുകയില്ല.അങ്ങനെയുള്ള ബാബയെ തീർച്ചയായും ഓർമ്മിക്കണം. ബാബയ്ക്ക് കുട്ടികളോട് സ്നേഹമുണ്ട്, ഏതെല്ലാം കുട്ടികളോടാണ് ബാബയ്ക്ക് സ്നേഹമുള്ളതെന്നും നിങ്ങൾക്കറിയാം. സ്വയത്തെ ശരീരമല്ല, ആത്മാവാണെന്ന് മനസ്സിലാക്കു, എന്ന് ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ആരാണോ നല്ല രത്നങ്ങൾ, അവർ നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കുന്നുവെന്ന് പറയുന്നതെന്തുകൊണ്ടാണ്? കാരണം ജന്മ ജന്മാന്തരങ്ങളിലെ നിങ്ങളുടെ പാപക്കുടം നിറഞ്ഞിരിക്കുകയാണ്. ഓർമ്മയുടെ യാത്രയിലൂടെ മാത്രമേ പാപാത്മാവിൽ നിന്നും പുണ്യാത്മാവായി മാറാൻ സാധിക്കൂ.. ഇത് പഴയ ശരീരമാണെന്നും നിങ്ങൾ കുട്ടികൾക്കറിയാം. ആത്മാവിനാണ് ദുഖം ലഭിക്കുന്നത്. ശരീരത്തിന് മുറിവ് പറ്റുമ്പോൾ ആത്മാവിൽ ദുഖത്തിന്റെ ഫീലിങ് ഉണ്ടാകുന്നു. ഞാൻ രോഗിയാണ്, ദു:ഖിയാണ് എന്ന് ആത്മാവാണ് പറയുന്നത്. ദുഖത്തിന്റെ ലോകമാണിത്. എവിടെ പോയാലും ദു:ഖം മാത്രമാണുള്ളത്. സുഖധാമത്തിൽ ദു:ഖം ഉണ്ടായിരിക്കുകയില്ല. സുഖത്തിന്റെ പേരാണുണ്ടാവുക.ഇപ്പോൾ നിങ്ങൾ ദു:ഖധാമത്തിലാണ് എന്നാണ് ഇതിനർത്ഥം. സുഖധാമത്തിൽ അല്പം പോലും ദു:ഖമുണ്ടായിരിക്കുകയില്ല. സമയം വളരെ കുറച്ചേയുള്ളൂ, ഇപ്പോൾ ബാബയെ ഓർമ്മിക്കുന്നിതിനുള്ള പൂർണ്ണപുരുഷാർത്ഥം ചെയ്യണം. എത്രത്തോളം ഓർമ്മയിലിരിക്കാൻ കഴിയുമോ അത്രത്തോളം സതോപ്രധാനമായി മാറാനും സാധിക്കും. അവസാന സമയത്ത് ഒരു ബാബയുടേതല്ലാതെ വേറെ ആരുടെയും ഓർമ്മ വരാത്ത രീതിയിലുള്ള അവസ്ഥ വർദ്ധിപ്പിക്കുന്നത്ര പുരുഷാർത്ഥം ചെയ്യണം. അവസാനകാലത്ത് ആരാണോ സ്ത്രീയെ സ്മരിക്കുന്നത്..... ഇങ്ങനെയൊരു പാട്ടുമുണ്ട്. ഇത് അവസാനസമയമാണല്ലോ. പഴയ ലോകം, ദു:ഖധാമത്തിന്റെ അന്ത്യം. നിങ്ങളിപ്പോൾ സുഖധാമത്തിലേക്ക് പോകാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ശൂദ്രനിൽ നിന്ന് ബ്രാഹ്മണനായി മാറുകയാണ്. ഇതും ഓർമ്മയുണ്ടായിരിക്കണം. ദു:ഖം ശൂദ്രർക്കാണ്, ഇപ്പോൾ ഒരു ബാബയെ ഓർമ്മിക്കുന്നതുകൊണ്ട് ദു:ഖത്തിൽ നിന്ന് പുറത്തുവന്ന് വീണ്ടും ഏണിപ്പടി കയറുകയാണ്. ബാബ അതിസ്നേഹിയാണ്. ബാബയെക്കാൾ മാധുര്യമുള്ള ഏത് വസ്തുവാണുള്ളത്. ആത്മാവ് ഓർമ്മിക്കുന്നത് ആ പരമാത്മാവിനെത്തന്നെയാണ്. ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്, ബാബയെക്കാൾ മാധുര്യമുള്ള വേറെ ഒരു വസ്തുവും ഈ ലോകത്തിലില്ല.. വളരെയധികം കുട്ടികളുണ്ട്, അതിൽ എത്ര പേർക്ക് സെക്കന്റിൽ ഓർമ്മ വരുന്നുണ്ട്. ശരി, മുഴുവൻ സൃഷ്ടി ചക്രവും കറങ്ങുന്നതെങ്ങനെയാണെന്ന് ഡ്രാമ കണ്ട് വന്നതു പോലെ, അർത്ഥസഹിതം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഡ്രാമ ഓർമ്മയുണ്ടോ എന്ന് ചിലർ ചോദിക്കും. അതെ എന്ന് പറയുമ്പോൾ ആദ്യം മുതൽ അവസാനം വരെ മുഴുവൻ കാര്യവും ബുദ്ധിയിൽ വരുന്നു. ബാക്കി വർണ്ണിച്ച് കേൾപ്പിക്കുന്നതിൽ സമയമെടുക്കും. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നതിലൂടെ 21 ജന്മത്തേക്ക് സുഖം ഉണ്ടാകുന്നു. ഈ സമ്പത്താണ് ബാബയിൽ നിന്ന് ലഭിക്കുന്നത്. സെക്കന്റിൽ ബാബയുടെ സമ്പത്ത് കുട്ടികളുടെ മുന്നിൽ

വരുന്നു. കുട്ടി ജനിക്കുമ്പോൾ അവകാശി ജന്മമെടുത്തു എന്ന് അച്ഛന് മനസ്സിലാകുന്നു... സമ്പാദ്യം മുഴുവൻ ഓർമ്മയിൽ വരുന്നു. നിങ്ങളും ഒറ്റക്കോ, വേറെ വേറെ കുട്ടികളാണെങ്കിലോ വേറെ വേറെ സമ്പത്ത് ലഭിക്കുമല്ലോ. വേറെ വേറെ ഓർമ്മിക്കുന്നു, നമ്മൾ പരിധിയില്ലാത്ത ബാബയുടെ അവകാശിയാണ്.. സത്യയുഗത്തിൽ ഒരു കുട്ടി മാത്രമേ ഉണ്ടാവുകയുള്ളൂ. മുഴുവൻ സമ്പത്തിന്റെയും അധികാരി ആ കുട്ടിയായിരിക്കും. കുട്ടികൾക്ക് സെക്കന്റിൽ ബാബയെ ലഭിച്ചു, വിശ്വത്തിന്റെ അധികാരിയായി മാറി. സമയമെടുക്കുന്നില്ല. ബാബ പറയുകയാണ് നിങ്ങൾ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. സ്ത്രീയെന്ന് മനസ്സിലാക്കരുത്. ആത്മാവ് കുട്ടിയാണല്ലോ. നമ്മൾ എല്ലാ കുട്ടികളെയും ബാബയ്ക്ക് ഓർമ്മ വരുന്നുണ്ട്. എല്ലാ ആത്മാക്കളും സഹോദരി– സഹോദരങ്ങളാണ്.. ഏതെല്ലാം ധർമ്മത്തിലുള്ളവരുണ്ടോ അവരും ് എല്ലാ ധർമ്മത്തിലുള്ളവരും സഹോദര സഹോദരങ്ങളാണെന്ന് പറയാറുണ്ട്. പക്ഷെ ആരും ഒന്നും മനസ്സിലാക്കുന്നില്ല. നമ്മൾ ബാബയുടെ അതിസ്നേഹി കുട്ടികളാണെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. തീർച്ചയായും ബാബയിൽ നിന്ന് പൂർണ്ണ സമ്പത്ത് ലഭിക്കും. സമ്പത്ത് എങ്ങനെ എടുക്കുമെന്നും നിങ്ങൾ കുട്ടികൾക്ക് സെക്കന്റിൽ ഓർമ്മ വരും. നമ്മൾ സതോപ്രധാമായിരുന്നു പിന്നീട് തമോപ്രധാനമായി, ഇപ്പോൾ വീണ്ടും സതോപ്രധാനമായി മാറണം. ബാബയിൽ നിന്ന് സ്വർഗത്തിലെ സുഖത്തിന്റെ സമ്പത്ത് എടുക്കണമെന്ന് നിങ്ങൾക്കറിയാം.

ബാബ പറയുകയാണ്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ശരീരം വിനാശിയാണ്. ആത്മാവ് ശരീരം ഉപേക്ഷിച്ച് പോകുന്നു. പിന്നീട് ഗർഭത്തിൽ പോയി പുതിയ ശരീരം എടുക്കുന്നു. ശരീരം തയ്യാറാകുമ്പോൾ ആത്മാവ് അതിൽ പ്രവേശിക്കുന്നു. പക്ഷെ അത് രാവണന്റെ വശത്താണ്. വികാരത്തിന് വശപ്പെട്ട് ജയിലിലേയ്ക്ക് പോകുന്നു. സത്യയുഗത്തിൽ രാവണനുണ്ടായിരിക്കുകയില്ല, ദുഖത്തിന്റെ കാര്യവുമില്ല. എപ്പോഴാണോ വാർദ്ധക്യമാവുന്നത് അപ്പോൾ,ഇനി ഈ ശരീരം ഉപേക്ഷിച്ച് വേറെ ശരീരത്തിൽ പ്രവേശിക്കണം എന്ന് മനസ്സിലാക്കാൻ പറ്റും. അവിടെ ഭയത്തിന്റെ കാര്യമില്ല. ഇവിടെയാണെങ്കിൽ വളരെയധികം ഭയമാണ്. സത്യയുഗത്തിൽ നിർഭയരായിരിക്കും. ബാബ നിങ്ങൾ കുട്ടികളെ അപാരസുഖത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. സത്യയുഗത്തിൽ അപാര സുഖമാണ്, കലിയുഗത്തിൽ അപാര ദു:ഖവുമാണ്, അതിനാലാണ് ഇതിനെ ദു:ഖധാമം എന്നു പറയുന്നത്.ബാബ ഒരു ബുദ്ധിമുട്ടും നൽകുന്നില്ല. കുടുംബത്തിൽ ഇരുന്നും,കുട്ടികളെ സംരക്ഷിച്ചും കേവലം ബാബയെ ഓർമ്മിക്കൂ. ഗുരുക്കന്മാരും,സന്യാസിമാരും ഉണ്ടല്ലോ. ബാബ സർവ്വ ഗുരുക്കന്മാരെക്കാളും ഉയർന്നതാണ്. അവരെല്ലാം എന്റെ രചനകളാണ്. കേവലം എന്നെയല്ലാതെ മറ്റാരെയും പതീതപാവനൻ എന്നു പറയുകയില്ല..ബ്രഹ്മ,വിഷ്ണു, ശങ്കരനെ പതീതപാവനനെന്നു പറയുമോ. കേവലം എന്നെയല്ലാതെ ദേവതകളെ പതീതപാവനരെന്നു പറയുകയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഗംഗയെ പതീതപാവനി എന്നു പറയുമോ. വെള്ളത്തിന്റെ നദികൾ സദാ ഒഴുകുന്നു. ഗംഗയും, ബ്രഹ്മപുത്രയും ഒഴുകിപ്പോകുന്നു.ഇതിൽ കുളിച്ചുകൊണ്ടിരിക്കുന്നു.മഴ പെയ്യുമ്പോൾ വെള്ളപ്പൊക്കമുണ്ടാകുന്നു. ഇതും ദുഖമാണല്ലോ. വെള്ളപ്പാക്കത്തിൽ എത്രയധികം മനുഷ്യരാണ് മരിക്കുന്നത്. അളവില്ലാത്ത ദുഖമാണ്. സത്യയുഗത്തിൽ ദുഖത്തിന്റെ കാര്യമില്ല, മൃഗങ്ങൾക്കുപോലും ദു:ഖവും,അകാല മൃത്യുവും ഉണ്ടാകുന്നില്ല. ഡ്രാമ ഇങ്ങനെ ഉണ്ടാക്കപ്പെട്ടതാണ്. ബാബാ അങ്ങ് എപ്പോഴാണോ വരുന്നത് അപ്പോൾ ഞങ്ങൾ അങ്ങയുടേതായി മാറും എന്ന് ഭക്തിയിൽ പാടിയിട്ടുണ്ട്. വന്നുകഴിഞ്ഞല്ലോ... ദു:ഖധാമത്തിന്റെ അന്തിമത്തിന്റെയും, സുഖധാമത്തിന്റെ ആദിയുടേയും ഇടയിലാണ് ബാബ വരുന്നതെന്ന് ആർക്കും അറിയുകയില്ല.സൃഷ്ടിയുടെ ആയുസ്സ് എത്രയാണെന്നുപോലും അറിയുകയില്ല. ബാബ വളരെ സഹജമായാണ് പറഞ്ഞു തരുന്നത്. സൃഷ്ടി ചക്രത്തിന്റെ ആയുസ്സ് 5000 വർഷമാണെന്ന് മുമ്പ് നിങ്ങൾക്ക് അറിയുമായിരുന്നോ. ലോകത്തിലുള്ളവർ ലക്ഷക്കണക്കിനു വർഷമെന്നു പറയുന്നു.ഇപ്പോൾ ബാബ ഓരോ യുഗവും 1250 വർഷമാണെന്ന് മനസ്സിലാക്കിത്തന്നു. സ്വസ്തികയിൽ പൂർണ്ണമായും 4 ഭാഗം കാണിച്ചിട്ടുണ്ട് അൽപം പോലും വ്യത്യാസമില്ല. കൃത്യമായ കണക്കുണ്ടെന്ന് വിവേകവും പറയുന്നുണ്ട്..പുരിയിൽ ചോറുരുള കൃത്യമായി 4 ഭാഗങ്ങളാക്കിയാണ് അർപ്പിക്കാറുള്ളത്.അവിടെയുള്ളവർ നന്നായി ഭക്ഷണം കഴിക്കാറുണ്ട് അവർക്ക് മന സ്സിലാക്കികൊടുക്കാനാണ് ഇങ്ങിനെയുള്ള യുക്തി രചിക്കുന്നത്. ജഗന്നഥനായാലും ശരി,ശ്രീനാഥനായാലും ശരി കാര്യം ഒന്നേയുള്ളൂ. രണ്ടുപേരെയും കറുത്തതതായിട്ടാണ് കാണിച്ചിരിക്കുന്നത്.ശ്രീനാഥ ക്ഷേത്രത്തിലെ അടുക്കളയിൽ അത്രയധികം നെയ്യാണ് ഉള്ളത്. അവിടെ നെയ്യുകൊണ്ടുള്ള നല്ല നല്ല വസ്തുക്കൾ പ്രസാദമായി ഉണ്ടാക്കി അവപുറത്തെ കടകളിൽ വെച്ച് വിൽക്കുന്നു. യാത്രക്കാരെല്ലാം കടകളിൽ നിന്നാണ് വാങ്ങിക്കുന്നത്.ക്ഷേത്രത്തിന് ധാരാളം ധനം ലഭിക്കുന്നു. ജഗന്നാഥ ക്ഷേത്രത്തിൽ സദാ ചോറാണുള്ളത്.അത് ജഗന്നാഥൻ ഇത് ശ്രീനാഥൻ. സുഖധാമത്തെയും, ദുഖധാമത്തെയുമാണ് കാണിക്കുന്നത്. ശ്രീനാഥൻ സുഖധാമത്തിന്റെയും ജഗന്നാഥൻ ദുഖധാമത്തിന്റയും പ്രതീകങ്ങ ളാണ്.കാമചിതയിൽ വീണുപോയതു കാരണം കറുത്തതായി കാണിച്ചിരിക്കുന്നു.ജഗന്നാഥനു കേവലം

ചോറാണ് അർപ്പിക്കുന്നത്. ജഗന്നാഥനെ ദരിദ്രനായും ശ്രീനാഥനെ സമ്പന്നനായും കാണിച്ചിരിക്കുന്നു. ജ്ഞാനത്തിന്റെ സാഗരം ഒരേയൊരു ബാബ മാത്രമാണ്. ഭക്തിയെ അജ്ഞാനമെന്നു പറയുന്നു അതിലൂടെ ഒന്നും ലഭിക്കുന്നില്ല.ഭക്തിയിൽ പേരും പ്രശസ്തിയുമുള്ള അനേകം ഗുരുക്കന്മാരുണ്ട്, അവരിൽ നിന്നും കുറച്ചെന്തെങ്കിലും അറിഞ്ഞു കഴിഞ്ഞാൽ പറയും, ഇത് ഞങ്ങളുടെ ഗുരുവാണ്, അവരിൽ നിന്നും ഞങ്ങൾ ഇതെല്ലാം പഠിച്ചു. അവരെല്ലാവരും ഭൗതീകമായി ജന്മമെടുക്കുന്നവരാണ്. ആരാണ് ഇപ്പോൾ നമ്മളോടൊപ്പം ഉള്ളത്. വിചിത്രനായ ബാബ. ഇതെന്റെ ശരീരമല്ല എന്ന് ബാബ പറയുന്നു. ഇത് നിങ്ങളുടെ മുത്തശ്ശന്റെ ശരീരമാണ്. അദ്ദേഹം പൂർണ്ണമായും 84 ജന്മമെടുക്കുന്നുണ്ട്, നിങ്ങളെ സുഖധാമത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അനേക ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുന്നു. ഇദ്ദേഹത്തെ തന്നെയാണ് ഗോമുഖമെന്നു പറയുന്നത്. അനേകർ ദൂരെ നിന്നുപോലും ഗോമുഖത്തിലേയ്ക്ക് വരാറുണ്ട്. ഇവിടെയും ഗോമുഖമുണ്ട്. പർവ്വതത്തിൽ നിന്നും തീർച്ചയായും വെള്ളം വരും. പർവ്വതത്തിൽ നിന്നും ദിവസവും വെള്ളം കിണറിലേക്ക് വരും, ഒരിക്കലും വറ്റുന്നില്ല, വെള്ളം വന്നു കൊണ്ടേയിരിക്കുന്നു. എവിടെ നിന്നെങ്കിലും വെള്ളം വരുകയാണെങ്കിൽ അതിനെ ഗംഗാജലം എന്നു പറയും. അവിടെപോയാണ് സ്നാനം ചെയ്യുന്നത്. ഗംഗാജലമാണ് എന്നു മനസ്സിലാക്കുന്നു, എന്നാൽ ഇതിലൂടെ ഒരിക്കലും പതീതത്തിൽ നിന്നും പാവനമാവുകയില്ല. പതീതപാവനൻ ഞാനാണെന്ന് ബാബ പറയുന്നു അല്ലയോ ആത്മാക്കളേ, എന്നെ മാത്രം ഓർമ്മിക്കൂ... ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും വിട്ട് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. ജന്മ ജന്മാന്തരങ്ങളിലെ പാപത്തിൽ നിന്നും ബാബ നിങ്ങളെ മുക്തമാക്കുന്നു. ഈ സമയത്ത് എല്ലാവരും പാപം ചെയ്തുകൊണ്ടിരിക്കുകയാണ്, ഇതും കർമ്മഭോഗമാണല്ലോ. മുൻജന്മത്തിലും പാപം ചെയ്തു. 63 ജന്മത്തിന്റെ കർമ്മക്കണക്കാണ്. പതക്കെ പതുക്കെ ചന്ദ്രന്റെ കല കുറയുന്നതു പോലെ കല കുറഞ്ഞു വന്നു. ഈ രാവും പകലും പരിധിയില്ലാത്തതാണ്. ഇപ്പോൾ മുഴുവൻ ലോകത്തിൽ,, പ്രത്യേകിച്ച് ഭാരതത്തിൽ
രാഹുവിന്റെ ദശയാണ്. രാഹുവിന്റ ഗ്രഹണം ബാധിച്ചിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കറുത്തതിൽ നിന്നും വെളുത്തവരായി മാറിക്കൊണ്ടിരിക്കുകയാണ്, അതിനാലാണ് കൃഷ്ണനെ ശ്യാമ സുന്ദരൻ എന്ന് പറയുന്നത്. പൂർണ്ണമായും കറുത്തതാക്കി മാറ്റി. കാമചിതയിൽ പോയതിന്റെ അടയാളമാണ് കാണിക്കുന്നത്. പക്ഷെ മനുഷ്യരുടെ ബുദ്ധി പ്രവർത്തിക്കുന്നില്ല. ഒരാളെ കറുത്തതായും, മറ്റൊരാളെ വെളുത്തതായും കാണിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ വെളുത്തതായി മാറാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കു കയാണ്. സതോപ്രധാനമായി മാറാനുള്ള പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ വെളുത്തവരായി മാറാം. ഇതിൽ പരിശ്രമിക്കേണ്ട ആവശ്യമില്ല. ഇപ്പോഴാണ് ഈ ജ്ഞാനം നിങ്ങൾ കുട്ടികൾ കേൾക്കുന്നത്. പിന്നീട് ഈ ജ്ഞാനം ഇല്ലാതാകും. കേവലം ഗീത പഠിച്ച് കേൾപ്പിക്കും എന്നാൽ ഈ ജ്ഞാനം പഠിച്ച് കേൾപ്പിക്കാൻ സാധിക്കില്ല. അത് ഭക്തി മാർഗ്ഗത്തിനു വേണ്ടിയുള്ള പുസ്തകമാണ്. ഭക്തി മാർഗ്ഗത്തിൽ അനേകം സാമഗ്രികളുണ്ട്, അനേകം ശാസ്ത്രങ്ങളുമുണ്ട്. പഠിക്കുന്നതെന്ത്, ചെയ്യുന്നതെന്ത്. രാമന്റെ ക്ഷേത്രത്തിലും പോകും, രാമനെ കറുത്തതാക്കി മാറ്റുകയും ചെയ്തു. എന്തിനാണ് കറുത്തതാക്കി മാറ്റിയതെന്നും ചിന്തിക്കണം. കൊൽക്കത്തയിലാണ് കാളിയുള്ളത്, അമ്മേ, അമ്മേ എന്ന് പറഞ്ഞ് ഉറക്കെവിളിച്ചുകൊണ്ടിരിക്കും. വളരെ ഭയാനകരൂപമുള്ളവരെയാണ് കാളി എന്ന് പറയുന്നത്. അവരെ തന്നെയാണ് പിന്നീട് അമ്മയെന്നും പറയുന്നത്. നിങ്ങളിൽ ജ്ഞാനത്തിന്റെ അമ്പും,വാളുമാണുള്ളത്. അതാണ് പിന്നീട് അവർ ആയുധമായി നല്കിയിരിക്കുന്നത്. ആദ്യം കാളിക്കുമുന്നിൽ മനുഷ്യരെയാണ് ബലിയർപ്പിച്ചിരുന്നത്. ഇപ്പോൾ ഗവൺമെന്റ് അത് നിർത്തലാക്കി. ആദ്യം സിന്ധിൽ ദേവിയുടെ ക്ഷേത്രമുണ്ടായിരുന്നില്ല. അവിടെ ബോംബ് സ്ഫോടനമുണ്ടായ സമയത്ത് ഒരു ബ്രാഹ്മണൻ പറഞ്ഞതിങ്ങനെയാണ്,എനിക്ക് കാളിയുടെ വാക്കുകൾ കേട്ടു–എന്റെ ക്ഷേത്രം ഇവിടെയില്ല, പെട്ടെന്നുണ്ടാക്കൂ, അല്ലെങ്കിൽ ഇനിയും ബോംബ് വീഴും.. അതോടെ വളരെയധികം പൈസ സ്വരൂപിച്ച് ക്ഷേത്രം ഉണ്ടാക്കി. ഇപ്പോൾ നോക്കൂ അനേക ക്ഷേത്രങ്ങളുണ്ട്. ഒരുപാട് സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങുകയാണ്. ബാബ ഇതിൽ നിന്നെല്ലാം നിങ്ങളെ മോചിപ്പിക്കുന്നതിനു വേണ്ടി മനസ്സിലാക്കിത്തരികയാണ്, ആരുടെയും ഗ്ലാനി ചെയ്യരുത്. ഡ്രാമയാണെന്ന് മനസ്സിലാക്കിത്തരുന്നു. എങ്ങനെയാണ് ഈ സൃഷ്ടി ചക്രം ഉണ്ടായത്. എന്തെല്ലാമാണോ നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത് അതെല്ലാം വീണ്ടും ഉണ്ടാകും. ഏത് വസ്തുവാണോ ഇല്ലാത്തത് അത് ഉണ്ടാക്കിയതാണ്. നമ്മുടെ രാജ്യം ഉണ്ടായിരുന്നു, നമ്മൾ അതിനെ നഷ്ടപ്പെടുത്തിയെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായി. ഇപ്പോൾ ബാബ വീണ്ടും പറയുകയാണ്– കുട്ടികളെ നരനിൽ നിന്നും നാരായണനാവണമെങ്കിൽ പുരുഷാർത്ഥം ചെയ്യൂ. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ അനേകം കഥകൾ കേട്ടു വന്നു. അമരകഥ കേട്ടു എന്നാൽ ആരെങ്കിലും അമരനായി മാറിയോ. മൂന്നാമത്തെ നേത്രം ആർക്കാണ് ലഭിച്ചിരിക്കുന്നതെന്ന് ബാബ മനസ്സിലാക്കിത്തരുകയാണ്. മോശമായതൊന്നും ഈ കണ്ണുകൾകൊണ്ട് കാണരുത്. സിവിൽ

ദൃഷ്ടിയോടുകൂടി നോക്കണം, ക്രിമിനൽ ദൃഷ്ടി വെയ്ക്കരുത്. ഈ പഴയ ലോകത്തെ നോക്കരുത്. ഇത് അവസാനിക്കാൻ പോവുകയാണ്. ബാബ പറയുകയാണ് – മധുര മധുരമായ കുട്ടികളേ, 21 ജന്മത്തേക്കുള്ള രാജ്യം നൽകുകയാണ്. സത്യയുഗത്തിൽ വേറെ ആരുടെയും രാജ്യം ഉണ്ടായിരിക്കുകയില്ല. ദു:ഖം ഉണ്ടായിരിക്കുകയില്ല, നിങ്ങൾ സുഖികളും ധനവാനുമായി മാറും. ഇവിടെ വളരെയധികം മനുഷ്യർ വിശന്ന് മരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ സത്യയുഗത്തിൽ മുഴുവൻ വിശ്വവും ഭരിക്കും. വളരെ കുറച്ച് സ്ഥലം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ചെറിയ പൂന്തോട്ടം, പിന്നീട് അഭിവൃദ്ധി പ്രാപിച്ച് കലിയുഗത്തിന്റെ അവസാനമാകുമ്പോഴേക്കും വലുതാകുന്നു, 5 വികാരങ്ങൾ പ്രവേശിക്കുന്നതു കാരണം മുള്ളുകൾ നിറഞ്ഞ കാടായി മാറുന്നു. ബാബ പറയുന്നു കാമം മഹാശത്രുവാണ്, ഇതിലൂടെ നിങ്ങൾ ആദി, മദ്ധ്യ, അന്ത്യം ദുഖം അനുഭവിക്കുന്നു. ഇപ്പോൾ നിങ്ങൾ ജ്ഞാനവും, ഭക്തിയും എന്താണെന്ന് മനസ്സിലാക്കി. വിനാശം മുന്നിൽ നിൽക്കുകയാണ്, അതുകൊണ്ട് വളരെ വേഗത്തിൽ പുരുഷാർത്ഥം ചെയ്യണം. ഇല്ലായെങ്കിൽ പാപം ഭസ്മമാവുകയില്ല. ബാബയുടെ ഓർമ്മയിലൂടെ മാത്രമെ പാപം ഇല്ലാതാകൂ. ഒരേയൊരു ബാബ മാത്രമാണ് പതീത പാവനൻ. ആരാണോ കല്പം മുമ്പ് പുരുഷാർത്ഥം ചെയ്തിരുന്നത് അവർ വീണ്ടും ചെയ്യും. ഒരു ബാബയെയല്ലാതെ വേറെ ആരെയും ഓർമ്മിക്കരുത്. എല്ലാവരും ദുഖം തരുന്നവരാണ്. സദാ സുഖം തരുന്ന ബാബയെ മാത്രം ഓർമ്മിക്കൂ, ഇതിൽ അശ്രദ്ധരാവരുത്. ഓർമ്മിക്കുന്നില്ലായെങ്കിൽ എങ്ങനെ പാവനമായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം :

1. ഈ കണ്ണുകൾ കൊണ്ട് മോശമായതൊന്നും കാണരുത്. ബാബ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രമാണ് നൽകിയിട്ടുള്ളത് ഈ നേത്രത്തിലൂടെ മാത്രം കാണണം. സതോപ്രധാനമാകുന്നതിനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം.

2. കുടുംബത്തെ സംരക്ഷിച്ചുകൊണ്ടും സ്നേഹിയായ ബാബയെ ഓർമ്മിക്കണം. അവസാന സമയത്ത് ഒരു ബാബയുടേതല്ലാതെ മറ്റാരുടെയും ഓർമ്മ വരാത്ത രീതിയിലുള്ള അവസ്ഥ ഉണ്ടാക്കണം.

## വരദാനം– തന്റെ ശ്രേഷ്ഠമായ മനോഭാവത്തിലൂടെ വിശ്വത്തിന്റെ അന്തരീക്ഷത്തെ പരിവർത്തനം ചെയ്യുന്ന ആധാരമൂർത്തിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ സ്വന്തം ജീവിതത്തിന്റെ ആധാരമൂർത്തികൾ മാത്രമല്ല, ഈ വിശ്വത്തിലെ സർവ ആത്മാക്കൾക്കും ആധാരമൂർത്തികളാകുന്നവരാണ്. താങ്കളുടെ ശ്രേഷ്ഠമായ മനോഭാവത്തിലൂടെ വിശ്വത്തിന്റെ അന്തരീക്ഷം തന്നെ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നു. താങ്കളുടെ പവിത്രമായ ദൃഷ്ടിയിലൂടെ സൃഷ്ടി പരിവർത്തനപ്പെടുകയാണ്. താങ്കളുടെ ശ്രേഷ്ഠകർമ്മങ്ങളിലൂടെ, ശ്രേഷ്ഠകർമ്മങ്ങൾ ചെയ്യുന്ന ഒരു ലോകമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. താങ്കൾ ഇപ്പോൾ ഇത്രയും വലിയ ഉത്തരവാദിത്തമാകുന്ന കിരീടം ഏറ്റെടുക്കുന്നതുകൊണ്ടാണ് ഭാവിയിൽ താങ്കൾക്ക് കിരീടവും, സിംഹാസനവും ലഭിക്കുന്നത്.

## സ്ലോഗൻ:– സർവ്വശക്തിവാനായ അച്ഛനെ സദാ കൂട്ടുകാരനാക്കി വെക്കുകയാണെങ്കിൽ യാതൊരു വിഘ്നവും താങ്കളെ പിടിച്ചുനിർത്തുകയില്ല.